# പതിനാലാം കേരള നിയമസഭ

# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2607    13.03.2020 ൽ മറുപടിക്ക്**

## പ്രളയാനന്തരം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ.എൻ.എ ഖാദർ** | | **ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 2019ലെ പ്രളയാനന്തരം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് എന്ത് തുക അനുവദിച്ചു; ഇതിലെത്ര ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ; | എ) & ബി) | പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ കഴിഞ്ഞ വർഷമുണ്ടായ പ്രളയത്തിൽ വിവിധ ജില്ലകളിലായി ഏകദേശം 5031 കി.മീ റോഡുകൾക്ക് നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 2019 പ്രളയത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 706.47 കോടി രൂപ അനുവദിച്ചു. ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. ഈ പ്രവൃത്തികൾ എല്ലാം തന്നെ നടപ്പിലാക്കി വരുന്നു. പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച 623 കോടി രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. ഈ ഫണ്ട് ഉപയോഗിച്ച് 3000 കി.മീ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഉള്ള റോഡുകൾ എല്ലാം 31.12.2019-ന് മുൻപ് ഗതാഗതയോഗ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം 97% റോഡുകളും ഡിസംബർ 31 നകം ഗതാഗതയോഗ്യമാക്കിയിരുന്നു. അറ്റകുറ്റപ്പണികൾ എല്ലാം മാർച്ച് 31 നകം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ദേശീയപാത വിഭാഗത്തിനു കീഴിൽ 2019ലെ പ്രളയാനന്തരം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിംഗിലും, 7 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിംഗിലുമായി കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം 2020 ജനുവരി 31-ാം തീയതിക്കകം ദേശീയപാതകളുടെ എല്ലാ കുഴികളും അടച്ചിട്ടുണ്ട്. |
| ബി) തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഈ വിഷയത്തിൽ ഹൈക്കോടതി മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഈ നിർദ്ദേശങ്ങളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ